നിരോധിക്കപ്പെട്ട കീടനാശിനികൾ

12 (*367) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള കീടനാശിനികൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ ;

(ബി) മനുഷ്യനും മൃഗങ്ങൾക്കും ദോഷകരമാണെന്നു തെളിഞ്ഞ എൻഡോസൾഫാൻ ഇപ്പോൾ സർക്കാർ നിയന്ത്രണത്തിലുള്ള തോട്ടങ്ങളിൽ ഉപയോഗിക്കുന്നുണ്ടോ എന്നു വെളിപ്പെടുത്തുമോ ;

(സി) എൻഡോസൾഫാൻ ഉപയോഗിക്കുന്നതു തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) എൻഡോസൾഫാൻ ഉപയോഗിക്കുന്നതു കാരണം ഉണ്ടായിട്ടുള്ള ദോഷഫലങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) നിരോധിക്കപ്പെട്ട കീടനാശിനികളും രാസപദാർത്ഥങ്ങളും കാർഷികമേഖലയിൽ ഉപയോഗിക്കുന്നത് തടയാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി. കെ. ആർ. ഗൗരിയമ്മ) :

(എ) കേന്ദ്രസർക്കാർ 20 കീടനാശിനികളുടേയും 4 കീടനാശിനി ഫോർമുലേഷനുകളുടേയും ഇറക്കുമതി, നിർമ്മാണം, ഉപയോഗം, എന്നിവ ഇൻഡ്യയിൽ നിരോധിച്ചിട്ടുണ്ട്. ഇവ കേരളത്തും നിരോധിക്കപ്പെട്ടവയാണ്. അവയുടെ പേരുകൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള തോട്ടങ്ങളിൽ ഇപ്പോൾ എൻഡോസൾഫാൻ ഉപയോഗിക്കുന്നില്ല.

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 12-8-2002-ലെ ഉത്തരവുപ്രകാരം എൻഡോസൾഫാനും അതിന്റെ എല്ലാവിധ ചേരുവകളും സംസ്ഥാനത്തിനുള്ളിൽ ഉപയോഗിക്കുന്നത് മറ്റൊരുത്തരവുണ്ടാകുന്നതുവരെ നിർത്തലാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ വിതരണത്തിലുള്ള ലൈസൻസ് സംസ്ഥാന കൃഷിവകുപ്പ് ഇപ്പോൾ നൽകുന്നില്ല.

(ഡി) ഉണ്ട്. സംസ്ഥാന സർക്കാർ നിയോഗിച്ച അച്ചുതൻ കമ്മിറ്റി, ഇൻഡ്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് നിയോഗിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓക്കുപേഷണൽ റിസർച്ച് സെന്റർ ഫോർ സയൻസ് ആന്റ് എൻവൈറോൺമെന്റ് എന്നീ ഏജൻസികൾ എൻഡോസൾഫാൻ ഉപയോഗം നടന്ന പ്രദേശങ്ങളിലെ പ്രശ്നങ്ങളെപ്പറ്റി പഠനം നടത്തിയിട്ടുണ്ട്. പഠനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

† അനുബന്ധം II & II (a)

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്ത് കീടനാശിനികളുടെ ഉല്പാദനവും വിതരണവും നിയന്ത്രിക്കുന്ന ലൈസൻസിംഗ് അതോറിറ്റി കൃഷി വകുപ്പിൽ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന കൃഷിഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്) ആണ്. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനുകളിലെ കൃഷിയോഫീസർമാരാണ് കേന്ദ്ര ഇൻസെക്ടിസൈഡ് പ്രാവർത്തികമാക്കാൻ ചുമതലപ്പെട്ട ഇൻസെക്ടിസൈഡ് ഇൻപെക്ടർമാർ. നിരോധിക്കപ്പെട്ട കീടനാശിനികൾക്കും ഉല്പാദന/വിതരണ ലൈസൻസ് കൃഷിവകുപ്പു നൽകുന്നില്ല. ഇവ പ്രാദേശിക ഡിപ്പോകൾവഴി വിതരണം നടത്തുന്നില്ലെന്ന് ഇൻസെക്ടിസൈഡ്സ് ഇൻസ്പെക്ടർമാരും ആനുകാലിക പരിശോധനകളിലൂടെ ഉറപ്പു വരുത്തുന്നു.

ക്ഷീരോൽപ്പാദനമേഖല നേരിടുന്ന പ്രതിസന്ധി

13 (*368) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷീരോത്പാദനമേഖല ഇപ്പോൾ അഭിവൃദ്ധിയുടെ പാതയിലല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള വിലകുറഞ്ഞ പാലിന്റെ വരവും മൾട്ടി നാഷണൽ കമ്പനികൾ ഉയർത്തുന്ന വെല്ലുവിളികളുമാണ് ഇതിനു കാരണം എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു തടയുന്നതിനു സർക്കാർ നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

കേരളം കന്നുകാലിരോഗ വിമുക്തമാക്കാൻ നടപടി

14 (*369) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളം കന്നുകാലിരോഗവിമുക്ത സംസ്ഥാനമാക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
72	മൂവാറ്റുപുഴ
73	വെട്ടിക്കവല
74	മുളംതുരുത്തി
75	കൊട്ടാരക്കര
76	പെരിന്തൽമണ്ണ
77	പാറക്കോട്
78	മങ്കട
79	ശാസ്താംകോട്ട
80	കരുനാഗപ്പള്ളി
81	മുതുകുളം
82	വേങ്ങര
83	കിളിമാനൂർ
84	വണ്ടൂർ
85	ചിറയിൻകീഴ്

അനുബന്ധം - II

(2-7-2003-ലെ നക്ഷത്രചിഹ്നമിട്ട 12 (*367)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക)

കേന്ദ്ര സർക്കാരിന്റെ പ്ലാൻ പ്രൊട്ടക്ഷൻ അഡ്വൈസറുടെ (കേന്ദ്ര സസ്യ സംരക്ഷണ ഡയറക്ടറേറ്റ്, ഫരിദബാദ്) 30-9-1997-ലെ എഫ്. നം. 8-20/97-സി. ഐ.ആർ II കത്ത് പ്രകാരം ഇൻഡ്യയിൽ ഇറക്കുമതി/ഉല്പാദനം/ഉപയോഗം എന്നിവയ്ക്ക് നിരോധിച്ച കീടനാശിനികൾ/കീടനാശിനി ചേരുവകൾ താഴെ പറയും പ്രകാരമാണ്.

1. ആൽഡ്രിൻ
2. ബെൻസീൻ ഹെക്സാക്ലോറൈഡ്
3. കാൽസ്യം സയനൈഡ്
4. ക്ലോർഡെയിൻ

LIBRARY ARCHIVES Kerala Legislative Assembly

5. കോപ്പർ അസെറ്റോ ആർസനൈറ്റ്
6. ഡൈബ്രോമോ ക്ലോറോ പ്രൊപ്പെയിൻ
7. എൻഡ്രിൻ
8. ഈതൈൽ മെർക്കുറിക് ക്ലോറൈഡ്
9. ഈതൈൽ പാരത്തയോൺ
10. ഹെപ്റ്റാക്ലോർ
11. മെനസോൺ
12. നൈട്രോഫെൻ
13. പാരകാറ്റ്ഡൈമിതൈൽ സൾഫേറ്റ്
14. പെന്റാക്ലോറോ നൈട്രോ ബെൻസീൻ
15. പെന്റാക്ലോറോഫീനോൾ
16. ഫിനൈൽ മെർക്കുറിക് അസറ്റേറ്റ്
17. സോഡിയം മിതെയിൻ ആർസൊനേറ്റ്
18. ടെട്രാഡിഫോൺ
19. ടൊക്സാഫെൻ
20. നിക്കോട്ടീൻ സൾഫേറ്റ്
21. മെത്തോമിൽ 24% എൽ
22. മെത്തോമിൽ 12.5% എൽ
23. ഫോസ്ഫാമിഡോൺ 85% എസ്. എൽ
24. കാർബോഫ്യൂറോൺ 50% എസ്. പി.

അനുബന്ധം - II -A

(2-7-2003-ലെ നക്ഷത്രചിഹ്നമിട്ട 12 (*367)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക)

കാസർഗോഡ് കശുമാവ് തോട്ടങ്ങളിൽ എന്റോസൾഫാൻ ഉപയോഗംമൂലം തദ്ദേശ വാസികളിലുണ്ടായ ദോഷഫലങ്ങളെക്കുറിച്ച് വിവിധ ഏജൻസികൾ പഠനം നടത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ജി. ഒ. (ആർടി.)353/2001/എ.ഡി. തീയതി 23-2-2001 പ്രകാരം പരിസ്ഥിതി ഗവേഷകനായ ഡോ. എ. അച്ചുതൻ അദ്ധ്യക്ഷനായും സംസ്ഥാന കൃഷി ഡയറക്ടർ കൺവീനറുമായി രൂപീകരിച്ച അഞ്ചംഗ കമ്മിറ്റിയുടെ പഠന നിഗമനങ്ങൾ താഴെ പറയുംപ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. കാസർഗോഡ് പ്ലാന്റേഷൻ കോർപ്പറേഷൻ പ്രദേശത്തെ പാരിസ്ഥിതിക ഘടകങ്ങൾ അന്തരീക്ഷ മാർഗ്ഗേനയുള്ള മരുന്ന് തളിക്ക് അനുയോജ്യമല്ല.

2. എന്റോസൾഫാൻ എന്ന ഒരേ കീടനാശിനി തന്നെ 1981 മുതൽ സ്ഥിരമായി ഉപയോഗിച്ചു വരുന്നതിനാൽ ഇത്തരത്തിൽ തുടർച്ചയായി ഉപയോഗിക്കപ്പെടുന്ന മറ്റേത് കീടനാശിനിയെപ്പോലെ ഇതും മനുഷ്യരിലും മൃഗങ്ങളിലും രൂക്ഷമായ വിഷബാധയ്ക്ക് കാരണമാകാവുന്നതാണ്. എന്നാൽ ഇക്കാര്യം സംശയാതീതമായി സ്ഥിരീകരിച്ചിട്ടില്ല.

3. കാസർഗോഡ് പ്ലാന്റേഷൻ കോർപ്പറേഷൻ തോട്ടങ്ങൾക്ക് സമീപമുള്ള പഞ്ചായത്തുകളിലെ ജനങ്ങളിൽ കാണപ്പെടുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് എന്റോസൾഫാൻ മലിനീകരണവുമായി നേരിട്ടു ബന്ധമുണ്ടെന്നോ ഇല്ലെന്നോ സ്ഥാപിക്കുവാൻ ഉതകുന്ന ശാസ്ത്രീയ തെളിവുകൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല.

പഠനത്തിനുശേഷം അച്ചുതൻ കമ്മിറ്റി മുന്നോട്ടുവച്ച ശുപാർശകൾ ചുവടെ ചേർക്കുന്നു:

1. പ്ലാന്റേഷൻ കോർപ്പറേഷന്റെ എല്ലാ കശുമാവ് തോട്ടങ്ങളിലും അന്തരീക്ഷ മാർഗ്ഗേനെയുള്ള എല്ലാ കീടനാശിനി പ്രയോഗവും നിരോധിക്കുക.

2. കാസർഗോഡ് ജില്ലയിലുള്ള പ്ലാന്റേഷൻ കോർപ്പറേഷന്റെ എല്ലാ കശുമാവ് തോട്ടങ്ങളിലും അഞ്ചു വർഷത്തേക്ക് എന്റോസൾഫാൻ കീടനാശിനി പ്രയോഗം മരവിപ്പിക്കുക.

3. കൂടാതെ പെരിയ ഡിവിഷനിലുള്ള കശുമാവ് തോട്ടങ്ങളിൽ 5 വർഷത്തേക്ക് എല്ലാവിധ കീടനാശിനി പ്രയോഗങ്ങൾക്കും പൂർണ്ണ അവധി നൽകുക.

4. പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ കാസർഗോട്ടുള്ള മറ്റ് കശുമാവ് തോട്ടങ്ങളിൽ ആവശ്യകത തിട്ടപ്പെടുത്തിമാത്രം, നിലത്തുനിന്നുള്ള കീടനാശിനി പ്രയോഗം വിദഗ്ദ്ധരുടെ സാങ്കേതിക സഹായത്തോടെ പ്രാവർത്തികമാക്കുക.

5. പ്ലാന്റേഷൻ കോർപ്പറേഷനിലെ കീടനാശിനി പ്രയോഗവും മറ്റ് സസ്യ സംരക്ഷണ മാർഗ്ഗങ്ങളും ശാസ്ത്രീയമായി ചിട്ടപ്പെടുത്തുക.

6. സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ഗവേഷണം ത്വരിതപ്പെടുത്തുക.

7. തേയില കൊതുകിനെതിരെ പ്രതിരോധശേഷിയുള്ള കശുമാവിനങ്ങൾ ഗവേഷണം നടത്തി ഉല്പാദിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

8. പ്ലാന്റേഷൻ കോർപ്പറേഷന്റെ പരിസരത്തുള്ള ജനങ്ങൾ അനുഭവിക്കുന്ന അസാധാരണമായ ആരോഗ്യ പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു വിശദമായ ആരോഗ്യ സർവ്വെ നടത്തുക. പ്ലാന്റേഷൻ തൊഴിലാളികളെയും സർവ്വെയിൽ ഉൾപ്പെടുത്തുക.

9. അനാരോഗ്യം അനുഭവിക്കുന്നവർ പാവപ്പെട്ട ജനവിഭാഗമായതിനാൽ അവർക്കാവശ്യമായ പ്രത്യേക വൈദ്യ സഹായം സർക്കാർ അനുവദിക്കുക.

10. കീടനാശിനികളെയും അവയുടെ പ്രയോഗത്തെയുംക്കുറിച്ച് തദ്ദേശ വാസികളെ ബോധവാൻമാരാക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.

മേൽ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജി. ഒ. (എംഎസ്.) 30/2002/എ.ഡി തീയതി 18-2-2002 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. അന്തരീക്ഷ മാർഗ്ഗേനെയുള്ള കീടനാശിനി പ്രയോഗം കേരളത്തിലെ എല്ലാ വിളകളിലും നിരോധിച്ചു.

2. പ്ലാന്റേഷൻ കോർപ്പറേഷന്റെ പെരിയ ഡിവിഷനിൽ (പാദ്രേ, മൂളിയാർ വില്ലേജുകൾ) അഞ്ചു വർഷത്തേക്ക് കശുമാവ് തോട്ടങ്ങളിൽ യാതൊരുവിധ കീടനാശിനിയും പ്രയോഗിക്കുന്നതല്ല.

3. പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോട്ടുള്ള മറ്റു കശുമാവ് തോട്ടങ്ങളിൽ ഇനിമുതൽ കീടനാശിനി പ്രയോഗം ജലസ്രോതസ്സുകൾക്ക് പൂർണ്ണ സംരക്ഷണം ഉറപ്പുവരുത്തിയ ശേഷം നിലത്തു നിന്നുകൊണ്ട് മാത്രം നിർവ്വഹിക്കുന്നതായിരിക്കും. ഇത് കേരള കാർഷിക സർവ്വകലാശാലയുടെ ശുപാർശകൾക്കനുസൃതവുമായിരിക്കും.

4. കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള കശുമാവ് തോട്ടങ്ങളിൽ നടത്തുന്ന കീടനാശിനി പ്രയോഗം കേരള കാർഷിക സർവ്വകലാശാലയുടെയും പ്ലാന്റേഷൻ കോർപ്പറേഷന്റെയും സംയുക്ത വിദഗ്ദ്ധ ഗ്രൂപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാകും നടത്തുന്നത്. കീടനാശിനി പ്രയോഗത്തിന് മുന്നോടിയായ തൊഴിലാളികളുടെയും സമീപവാസികളുടെയും പരിസ്ഥിതിയുടെയും പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുന്നതായിരിക്കും.

5. പ്ലാന്റേഷൻ കോർപ്പറേഷന്റെ പരിധിയിൽ പെരിയ എന്ന സ്ഥലത്ത് സംസ്ഥാന കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ ഒരു ചെറിയ കശുമാവ് ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതാണ്.

കാസർഗോഡ് പ്ലാന്റേഷൻ കോർപ്പറേഷന്റെ പരിസര പ്രദേശത്തുള്ള പാദ്രെ വില്ലേജിലെ വാണിനഗർ സർക്കാർ ഹയർസെക്കന്ററി സ്കൂളിലെ 619 കുട്ടികളിലാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓക്കുപ്പേഷണൽ റിസർച്ച് എന്ന സ്ഥാപനം

LIBRARY ARCHIVES Kerala Legislative Assembly

പഠനം നടത്തിയിട്ടുള്ളത്. ഇതിൽ പരിസര പ്രദേശങ്ങളിലെ കുട്ടികളിലെ പ്രകടമായ അസാധാരണ രോഗങ്ങളും ജനിതക/ബുദ്ധിപരമായ വൈകല്യങ്ങളും എന്റോസൾഫാന്റെ പാർശ്വഫലമായിരിക്കാമെന്ന സൂചനയുണ്ട്. ഇതിന് പുറമെ തദ്ദേശ ജലസ്രോതസ്സുകളിൽ നടത്തിയ പരീക്ഷണങ്ങളിൽ എന്റോസൾഫാന്റെ അംശം കണ്ടതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം നടത്തിയിട്ടുള്ള പഠനങ്ങളുടെ അന്തിമ റിപ്പോർട്ട് കൃഷി വകുപ്പിൽ ലഭ്യമല്ല.

12-8-2002-ലെ ഉത്തരവു പ്രകാരം കേരള ഹൈക്കോടതി എന്റോസൾഫാനും അതിന്റെ എല്ലാ വിധചേരുവകളും സംസ്ഥാനത്തിനുള്ളിൽ ഉപയോഗിക്കുന്നത്, ഇനി ഒരുത്തരവുണ്ടാകുന്നത് വരെ നിർത്തലാക്കിയിട്ടുണ്ട്.

6-1-2003-ലെ ജി. ഒ. (ആർടി.) 58/2003/എച്ച്.എഫ്. ഡബ്ല്യു.ഡി. എന്ന ഉത്തരവ് പ്രകാരം എന്റോസൾഫാൻ മൂലമെന്ന് സംശയിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾക്കുള്ള യഥാർത്ഥ കാരണങ്ങൾ, നിവാരണമാർഗ്ഗങ്ങൾ എന്നിവയെ കുറിച്ച് പഠിക്കുവാൻ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. പി. കെ. ശിവരാമൻ അദ്ധ്യക്ഷനായുള്ള ഒരു വിദഗ്ദ്ധ സമിതിയെ സംസ്ഥാന സർക്കാർ നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

അനുബന്ധം - III

(2-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത 8(1803)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക)

GOVERNMENT OF KERALA

Abstract

FINANCE DEPARTMENT– SPECIAL DEVELOPMENT FUND FOR MLA'S GUIDELINES ON SCHEME, CONCEPT, IMPLEMENTATION AND MONITORING–SANCTIONED– ORDERS ISSUED.

FINANCE (NODAL CENTRE) DEPARTMENT

G.O.(P) No.1234/2001/Fin Dated, Thiruvanathapuram, 29th October, 2001

Read:- Budget Speech of Finance Minister on 13-7-2001.

ORDER

It was announced in the Budget Speech on the 13th of July 2001 that a Special Development Fund would be constituted in the State on the pattern of M.P. Local Area Development Scheme for the MLA's. It was also announced that a total amount of Rs. 35 Crores would be set apart for schemes selected by the MLA's at the rate of Rs. 25 lakhs (Twenty Five lakhs) per MLA per year.

LIBRARY ARCHIVES Kerala Legislative Assembly